പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 296 — 12-10-2011- ൽ മറുപടിയ്ക്ക്

## കിസ്സാൻ ക്രെഡിറ്റ് കാർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ഡി. സതീശൻ :<br>ശ്രീ. ഡൊമനിക് പ്രസന്റേഷൻ:<br>ശ്രീ. കെ. അച്ചുതൻ :<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കിസ്സാൻ ക്രെഡിറ്റ് കാർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | എ) കിസ്സാൻ ക്രെഡിറ്റ് കാർഡ് പദ്ധതി ബാങ്കുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ്. ഇതൊരു ബാങ്ക് വായ്പയാണ്. ആവശ്യമായ സമയത്ത് പര്യാപ്തമായ അളവിൽ കാർഷിക വായ്പ കർഷകരിലെത്തിക്കുക എന്നതാണ് കിസ്സാൻ ക്രെഡിറ്റ് കാർഡിന്റെ ലക്ഷ്യം. |
| ബി) സംസ്ഥാനത്തെ എത്ര ശതമാനം കർഷകർക്ക് ഇത് വിതരണം ചെയ്തിട്ടുണ്ട്; | ബി) സംസ്ഥാനത്തെ ഏകദേശം 50% കർഷകർക്ക് കിസ്സാൻ ക്രെഡിറ്റ് കാർഡ് വിതരണം ചെയ്തിട്ടുണ്ട്. |
| സി) ഇത് വിപുലമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; | സി) സംസ്ഥാനത്തിലെ എല്ലാ ബാങ്കുകളും 26.09.2011 മുതൽ 01.10.2011 വരെ സംസ്ഥാനത്ത് കിസ്സാൻ ക്രെഡിറ്റ് കാർഡ് കൃഷി വകുപ്പ് സഹായത്തോടെ കാമ്പയിൻ ആയി ആചരിച്ചു. ഫാം ഇൻഫർമേഷൻ ബ്യൂറോ മുഖാന്തിരം കിസ്സാൻ ക്രെഡിറ്റ് കാർഡ് പദ്ധതിക്ക് വിവിധ മീഡിയ വഴി പരസ്യം നൽകിയിട്ടുണ്ട്. ജില്ലാതല ബാങ്കിംഗ് അവലോകന യോഗത്തിൽ ഇതിനെ സംബന്ധിച്ചുള്ള പുരോഗതി വിലയിരുത്താറുണ്ട്. |
| ഡി) സംസ്ഥാനത്തെ മുഴുവൻ കർഷകർക്കും കാർഡ് ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | ഡി) സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുടെയും ജില്ലാതല ബാങ്കേഴ്സ് കമ്മിറ്റിയുടെയും സഹായത്തോടെ സംസ്ഥാനത്തെ എല്ലാ കൃഷിക്കാർക്കും കിസ്സാൻ ക്രെഡിറ്റ് കാർഡ് ലഭിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ